"ഭരണഭാഷ - മാതൃഭാഷ"
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
പബ്ലിക് റിലേഷൻസ് വിഭാഗം
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരളം
ടെലഫോൺ നം. : 91 471 2514587, 2514206, 2514468, 2446480
സി.യു.ജി. നം. : 9496011848 ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**<u>സംഗ്രഹം</u>**

പബ്ലിക് റിലേഷൻസ് വകുപ്പ് - സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികം - കണ്ണൂർ ജില്ലയിലെ പ്രദർശനം എഗ്രിമെന്റും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒഴിവാക്കൽ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം. 376/2022 (പി.ആർ/എം.സി-3/698/എക്സിബിഷൻ/2022)**
**തിരുവനന്തപുരം, തീയതി 30/04/2022**

---

പരാമർശം : (i) ഓഫീസ് ഓർഡർ (സി.എം.ഡി) നം. 436/2022 (പി.ആർ/എം.സി-1/698/ എക്സിബിഷൻ/2022) തിരുവനന്തപുരം, തീയതി 01/04/2022.

(ii) പബ്ലിക് റിലേഷൻസ് ഓഫീസറുടെ 22.04.2022-ലെ പി.ആർ/എം.സി-1/ 698/എക്സിബിഷൻ/2022 നമ്പർ നടപടിക്രമം.

(iii) പബ്ലിക് റിലേഷൻസ് ഓഫീസർ 26.04.2022-ന് ഫുൾടൈം ഡയറക്ടർ മുമ്പാകെ സമർപ്പിച്ച പി.ആർ/എം.സി-3/698/എക്സിബിഷൻ/2022 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാന മന്ത്രിസഭയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ സംഘടിപ്പിച്ച പ്രദർശനവിപണന മേളയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്റ്റാൾ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

03.04.2022-ന് ബഹു. കേരള മുഖ്യമന്ത്രി ആയിരുന്നു പ്രദർശന വിപണന മേളയുടെ ഉദ്ഘാടകൻ. ഉത്തരവ് ആയതിനുശേഷം വളരെ ചുരുങ്ങിയ ദിവസത്തിനുള്ളിൽ ബോർഡിന്റെ സ്റ്റാൾ സജ്ജീകരിക്കേണ്ട സാഹചര്യം ഉണ്ടായപ്പോൾ സ്റ്റാൾ സജ്ജീകരിക്കാൻ

(മറുപുറം)

നിയോഗിക്കപ്പെട്ട കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടാനോ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാനോ കഴിഞ്ഞിരുന്നില്ലെന്നും ഇപ്പോൾ കരാറുകാരൻ സമർപ്പിച്ച ബില്ല് പരിശോധിച്ച കെ.എസ്.ഇ.ബി.സെക്രട്ടറി (ഭരണം)-യുടെ ഓഫീസ് എഗ്രിമെന്റും സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ വിവരങ്ങളും ആവശ്യപ്പെട്ടിരിക്കുകയാണെന്നും പ്രദർശനം കഴിഞ്ഞ സാഹചര്യത്തിലും കരാറുകാരൻ മറ്റ് ബാധ്യതകളൊന്നും വരുത്താത്തതിനാലും തൃപ്തികരമായി ജോലി നിർവഹിച്ച സാഹചര്യത്തിലും എഗ്രിമെന്റും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒഴിവാക്കണമെന്ന് അപേക്ഷിച്ച് പരാമർശം (3) പ്രകാരം പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് കുറിപ്പ് സമർപ്പിച്ചിരുന്നു. പ്രസ്തുത കുറിപ്പ് 27.04.2022-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം എടുക്കുകയും ചെയ്തു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്റ്റാൾ സജ്ജീകരിക്കേണ്ടതിന് വേണ്ടി വന്ന സമയപരിധി പരിഗണിച്ച്, ഇതിനായി എഗ്രിമെന്റും സെക്യൂരിറ്റി ഡെപ്പോസിറ്റും ഒഴിവാക്കിക്കൊണ്ട് കരാറുകാരന് സ്റ്റാൾ സജ്ജീകരിക്കുന്നതിന് കരാർ നൽകിയ പബ്ലിക് റിലേഷൻസ് ഓഫീസറുടെ നടപടിയ്ക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചു.

**ഫുൾടൈം..ഡയറക്ടർമാരുടെ**
**ഉത്തരവിൻ പ്രകാരം**
**ഒപ്പ്/-**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻചാർജ്ജ്**

സ്വീകർത്താവ് : പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
ഡയറക്ടർമാരുടെ ടി.എ./കമ്പനി സെക്രട്ടറി /
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ഐ.റ്റി) / എ.ജി./
ഫിനാൻസ് ഡയറക്ടറുടെ പി.എ./ലീഗൽ ലെയ്സൺ ഓഫീസർ/
ഫയൽ/ കരുതൽ ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സീനിയർ സൂപ്രണ്ട്**